I ഇ.ബി. XV - കേരള നിയമസഭ/XI-6

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂൺ 21, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I **ശ്രദ്ധക്ഷണിക്കൽ**

ചെമ്മീൻ പീലിംഗ് മേഖലയിലെ സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എച്ച്. സലാം: ചെമ്മീൻ പീലിംഗ് മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീതൊഴിലാളികൾ മോശപ്പെട്ട ജോലിസാഹചര്യം നിമിത്തം വളരെയധികം ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നുണ്ട്. തൊഴിലാളികൾക്ക് മിനിമം കൂലി ഏർപ്പെടുത്തുകയോ ബോണസ്, ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങൾ

ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പീലിംഗ് തൊഴിലാളികളുടെ വേതനവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനും ജീവിത-തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷനെ നിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ചെമ്മീൻ പീലിംഗ് ഉൾപ്പെടെയുള്ള മത്സ്യവിഭവ കയറ്റുമതി മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം തൊഴിൽ വകുപ്പ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പീലിംഗ് മേഖലയിലെ തൊഴിൽ സാഹചര്യം വിലയിരുത്താനും നിയമലംഘനങ്ങൾ പരിശോധിക്കാനും മിനിമം വേതനം ഉറപ്പുവരുത്താനും സ്ക്വാഡ് പരിശോധനകൾ നടത്തുകയും പരാതികളിന്മേൽ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പീലിംഗ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന സ്ത്രീതൊഴിലാളികൾക്ക് നിയമപ്രകാരം ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങളും സ്വയംരക്ഷാ ഉപകരണങ്ങളും ലഭ്യമാണെന്ന് ഫാക്ടറി ഇൻസ്പെക്ടർമാർ ഉറപ്പുവരുത്തുന്നുണ്ട്. തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താനും അവർ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാനുമായി ലേബർ കമ്മീഷണർ, ഇ.എസ്.ഐ. ഡയറക്ടർ,

ഫിഷറീസ് ഡയറക്ടർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന സമിതിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ 24-06-2024-ന് പരിഗണിക്കുന്നതിനായി മാറ്റിവച്ചു.)

## II സബ്മിഷൻ

### (1) ആലപ്പാട് കടൽത്തീരത്ത് പുലിമുട്ട് നിർമ്മാണം

ശ്രീ. സി. ആർ. മഹേഷ്: മന്ത്രിസഭയുടെ അംഗീകാരവും കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കി ആലപ്പാട് കടൽത്തീരത്ത് പുലിമുട്ട് നിർമ്മാണം ആരംഭിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലുൾപ്പെട്ട തീരദേശ പരിരക്ഷാ പദ്ധതി പ്രകാരം രൂക്ഷമായ കടലാക്രമണം നേരിടുന്ന പത്ത് ഹോട്ട്സ്പോട്ടുകളിലൊന്നായ ആലപ്പാട് പഞ്ചായത്തിലെ കടലാക്രമണ പ്രതിരോധ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ട്. 172.50 കോടി രൂപ ചെലവുവരുന്ന പ്രസ്തുത പ്രവൃത്തി കാലതാമസമില്ലാതെ നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (2) എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപടി

ശ്രീ. ടി. ജെ. വിനോദ്: കൊച്ചി സ്മാർട്ട് സിറ്റി ബോർഡ് അനുവദിച്ച തുക സമയബന്ധിതമായി വിനിയോഗിച്ച് എറണാകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് കെ.എസ്.ആർ.ടി.സി. അല്ല. വിജിലൻസ് ക്ലിയറൻസ് ലഭിച്ചാൽ നിലവിൽ അവിടെയുള്ള കെട്ടിടം പൊളിച്ചുമാറ്റുന്നതാണ്. 22.6.2024-ന് മന്ത്രിയും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം പ്രസ്തുത സ്ഥലം സന്ദർശിച്ച് വിവേകാനന്ദ തോടിന്റെ പ്രസ്തുത ഭാഗത്തെ ആഴം കൂട്ടുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് വെള്ളക്കെട്ട് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(3) ആല കോതപ്പറമ്പ്, ആമണ്ടൂർ, പനങ്ങാട് നോർത്ത് സ്കൂളുകൾക്ക് സ്വന്തം കെട്ടിടം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ശ്രീനാരായണപുരം പഞ്ചായത്തിലെ ജി.എം.എൽ.പി.എസ് ആല കോതപ്പറമ്പ്, ജി.എം.എൽ.പി.എസ് ആമണ്ടൂർ, ജി.എൽ.പി.എസ്. പനങ്ങാട് നോർത്ത് എന്നീ സ്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂളുകളുടെ കാലപ്പഴക്കം, സ്ഥലപരിമിതി, വാടകയിനത്തിൽ സർക്കാരിന് വരുന്ന ഭീമമായ സാമ്പത്തിക ബാധ്യത എന്നിവ കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് മുഖേന ജി.എം.എൽ.പി.എസ് ആല കോതപ്പറമ്പ്, ജി.എം.എൽ.പി.എസ് ആമണ്ടൂർ, ജി.എൽ.പി.എസ്. പനങ്ങാട് നോർത്ത് എന്നിവയ്ക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

(4) പാലക്കാട് എസ്.സി./എസ്.റ്റി സംവരണം പാലിച്ച് റേഷൻകട അനുവദിക്കൽ

ശ്രീമതി ശാന്തകുമാരി കെ.: പാലക്കാട് ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണതത്വം പാലിച്ചും

കോടതി വ്യവഹാരങ്ങൾ തീർപ്പാക്കിയും റേഷൻ കടകളുടെ ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണം വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): പാലക്കാട് ജില്ലയിൽ ലൈസൻസ് റദ്ദ് ചെയ്ത് മറ്റ് റേഷൻ കടകളിൽ അറ്റാച്ച് ചെയ്തു പ്രവർത്തിക്കുന്ന 47 റേഷൻ കടകളിലേയ്ക്ക് സംവരണതത്വം പാലിച്ച് ലൈസൻസ് നൽകുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം 17 റേഷൻ കടകളിൽ ലൈസൻസി നിയമനം നടത്തിയിട്ടുണ്ട്. നിലവിൽ 13 റേഷൻ കടകൾക്കുകൂടി സംവരണപ്രകാരം വിജ്ഞാപനം നടത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. വിജ്ഞാപനം നടത്തിയ റേഷൻ കടകളിലെ മുൻ സെയിൽസ്മാൻമാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതും മൂന്ന് തവണ വിജ്ഞാപനം ചെയ്തിട്ടും സംവരണവിഭാഗത്തിൽ നിന്നും അപേക്ഷകൾ ലഭിക്കാത്തതുംമൂലം റൊട്ടേഷൻ ചാർട്ട് വീണ്ടും വിജ്ഞാപനം ചെയ്യേണ്ടിവന്നതിനാൽ ലൈസൻസി ഒഴിവുകൾ നികത്താൻ കാലതാമസം നേരിട്ടിട്ടുണ്ട്. കേസിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് സംവരണതത്വം പാലിച്ചുകൊണ്ട് പ്രസ്തുത ഒഴിവുകളിലേയ്ക്കെല്ലാം വിജ്ഞാപനം നടത്തുന്നതാണ്.

## III അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

### (2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ

#### (i) 2024-ലെ കേരള ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2024-ലെ കേരള ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡോ. എൻ. ജയരാജ്: ഉദാരവത്കരണത്തിനുശേഷം ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ വ്യത്യസ്തമായ രീതിയിൽ കടന്നുവന്ന ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളികൾ ഇന്ന് ചൂഷണത്തിന് ഇരയാകുകയാണ്. ഗിഗ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രതിഫലം അസ്ഥിരവും താരതമ്യേന കുറവുമാണ്. സൗകര്യാർത്ഥം ഒരു തൊഴിലാളിക്ക് തൊഴിൽസമയം തീരുമാനിക്കാമെന്നതിനാൽ ഒട്ടേറെ വിദ്യാർത്ഥികളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. തൊഴിലുടമ-തൊഴിലാളി ബന്ധമോ കരാറോ നിലവിലില്ലാത്തതിനാൽ ഗിഗ് തൊഴിലാളികൾക്ക് തൊഴിൽദാതാക്കളുമായോ

തിരിച്ചോ യാതൊരു വിധേയത്വവുമില്ല. റേറ്റിംഗിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇവരുടെ വരുമാന ലഭ്യത നിശ്ചയിക്കുന്നത്. ഗിഗ് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ സുരക്ഷിതത്വവും അവകാശങ്ങളും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ഈ വിഭാഗക്കാർക്കായി നിയമനിർമ്മാണം നടത്തേണ്ടത് അനിവാര്യമാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളികൾ സമൂഹത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. നഗരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗിഗ് തൊഴിലാളികളുടെ പരാതികൾ കേൾക്കാൻ നിലവിൽ സംവിധാനമില്ല. ഇവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കേണ്ടതുണ്ട്. ഇവരുടെ ക്ഷേമവും അവകാശവും സംരക്ഷിക്കുന്നതിനായി ബിൽ കൊണ്ടുവരുന്ന കാര്യം പരിഗണനയിലാണ്. പ്രസ്തുത ബിൽ തൊഴിൽ വകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നതിനാൽ ഈ ബിൽ പിൻവലിക്കാവുന്നതാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബിൽ കൊണ്ടുവരുന്ന കാര്യം പരിഗണനയിലാണെന്ന സർക്കാർ നടപടിയെ അഭിനന്ദിച്ചുകൊണ്ട് ഉപക്ഷേപം പിൻവലിക്കുന്നു.

(ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു)

## (ii) 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ബിൽ

ശ്രീ. ചാണ്ടി ഉമ്മൻ: 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സംസ്ഥാനത്ത് മുമ്പെങ്ങുമില്ലാത്തവിധം ആൾക്കൂട്ട/രാഷ്ട്രീയ/വർഗ്ഗീയ/ദുരഭിമാന കൊലപാതകങ്ങളുടെ തോത് വർദ്ധിച്ചു വരുന്നുണ്ട്. പൊതുസ്ഥലങ്ങളിലും മറ്റുമുണ്ടാകുന്ന വാക്കുതർക്കങ്ങൾപോലും ആക്രമണത്തിലേയ്ക്കും കൊലപാതകത്തിലേയ്ക്കും നയിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും ജാതി/ദുരഭിമാന കൊലപാതകങ്ങൾ നടക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. വിദ്യാസമ്പന്നരും സമൂഹത്തിൽ മാന്യന്മാരെന്ന് അവകാശപ്പെടുന്നവരും കൂട്ടംചേർന്ന് ക്രൂരകൃത്യങ്ങളിൽ ഏർപ്പെടുകയാണ്. മാനുഷികമൂല്യങ്ങൾക്കെതിരായുള്ള കടന്നുകയറ്റമാണ് ആൾക്കൂട്ട കൊലപാതകം. രാഷ്ട്രീയ കൊലപാതകവുമായി

ബന്ധപ്പെട്ട കുറ്റകൃത്യങ്ങളുടെ അന്വേഷണം, കുറ്റസ്ഥാപനം, വിചാരണ എന്നിവയിലുണ്ടാകുന്ന കാലതാമസം ദൂരീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പ്രസ്തുത ബില്ലിന്റെ പീഠികയിൽ സൂചിപ്പിച്ച തരത്തിലുള്ള സാമൂഹികാന്തരീക്ഷം സംസ്ഥാനത്ത് നിലനിൽക്കുന്നില്ല. ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടായതിനെ ഫലപ്രദമായി നേരിടുന്നതിനും കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടി സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഭാരതീയ ന്യായ സംഹിത, ഇന്ത്യൻ പീനൽ കോഡ് എന്നിവപ്രകാരം അനുശാസിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾക്ക് നിയമപ്രകാരം ചുമത്തിയിട്ടുള്ള ശിക്ഷകളിൽനിന്നും വ്യത്യസ്തമായ കുറ്റകൃത്യങ്ങളോ ശിക്ഷകളോ അവതരണാനുമതി തേടുന്ന ബില്ലിൽ കാണുന്നില്ല. കേസുകളിന്മേലുള്ള അന്വേഷണവും കോടതി നടപടികളും സമയബന്ധിതമായി തീർപ്പാക്കാനും ഇരകൾക്ക് നഷ്ടപരിഹാരം നൽകാനും ഫലവത്തും ആധികാരികവുമായ മാർഗ്ഗനിർദ്ദേശങ്ങൾ സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ളതനുസരിച്ച് എല്ലാ ജില്ലകളിലും ജില്ലാ പോലീസ് മേധാവിയുടെ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുള്ളതിനാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(iii) 2024-ലെ കേരള ഹരിതകർമ്മസേന ക്ഷേമനിധി ബിൽ

ശ്രീ. ജി. സ്റ്റീഫൻ: 2024-ലെ കേരള ഹരിതകർമ്മസേന ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സംസ്ഥാനത്തെ മാലിന്യസംസ്കരണ രംഗത്തെ ജനകീയ മുഖമായ ഹരിതകർമ്മസേനയിൽ മുപ്പത്തിയാറായിരത്തിലധികം അംഗങ്ങളുണ്ട്. നിശ്ചിത പ്രതിമാസ വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട്, മാലിന്യശേഖരണത്തിനും സംഭരണത്തിനും സംസ്കരണത്തിനുമുള്ള സംവിധാനങ്ങൾ, യൂണിഫോം, ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ, ആരോഗ്യ ഇൻഷ്വറൻസ് എന്നിവ സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഹരിതകർമ്മസേനയ്ക്ക് നൽകിവരുന്നുണ്ട്. 59 വയസ്സുവരെയുള്ള അംഗങ്ങൾക്ക് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാവുന്നതും ഒരു വർഷമെങ്കിലും അംശദായം അടയ്ക്കുന്നവർക്ക് ധനസഹായം ലഭിക്കുന്നതുമാണ്. വ്യക്തമായ

മാർഗ്ഗരേഖയോടെ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡ് നിലവിലുള്ളതിനാൽ പുതിയൊരു ബോർഡ് രൂപീകരിക്കുന്നതിൽ പ്രസക്തിയില്ലാത്തതിനാലും പ്രസ്തുത ബില്ലിലെ ലക്ഷ്യങ്ങൾ നിലവിലുള്ള സംവിധാനത്തിലൂടെ പരിഹരിക്കപ്പെടുന്നതിനാലും ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. ജി. സ്റ്റീഫൻ: ശുചിത്വകേരളം എന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. രാജ്യത്തിന് മാതൃകയാകുന്ന തരത്തിൽ ശുചിത്വ/മാലിന്യസംസ്കരണ രംഗത്ത് ഒട്ടേറെ നൂതന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഹരിത കേരള മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, തൊഴിലുറപ്പ് മിഷൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യയ്ക്കാനുപാതികമായി എം.സി.എഫ്.-കളും മിനി എം.സി.എഫ്-കളും വാർഷിക പദ്ധതിയിൽ

നിർബന്ധിത പദ്ധതികളായി ഏറ്റെടുക്കണമെന്ന് സർക്കാർ നിർദ്ദേശിക്കേണ്ടതാണ്. മാലിന്യശേഖരണത്തിനുള്ള കൈയുറകൾ, സഞ്ചികൾ, ബൂട്ടുകൾ എന്നിവയുടെ കുറവ് അനുഭവപ്പെടുന്നതിനാൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഒരു ഹരിതകർമ്മ സേനാംഗത്തിന് പതിനായിരം രൂപയെങ്കിലും വേതനം/ഓണറേറിയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം ഹരിതകർമ്മസേനയ്ക്ക് മാത്രമായി ഒരു ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്ന കാര്യവും പരിഗണിക്കേണ്ടതാണ്. ഹരിതകർമ്മസേനാംഗങ്ങളുടെ ക്ഷേമം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, ചികിത്സാ സഹായം എന്നിവ ലഭ്യമാക്കുന്നതിനും അവരുടെ ഭാവി ജീവിതം സംരക്ഷിക്കുന്നതിനുമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

## (iv) 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീമതി സി. കെ. ആശ: 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതിയിൽ മറ്റ് ക്ഷേമ പദ്ധതികളിൽ അംഗമല്ലാത്ത പാഴ്‌വസ്തു ശേഖരണ തൊഴിലാളികൾക്കും അംഗമാകാവുന്നതാണ്. അവർക്ക് പെൻഷനുൾപ്പെടെ പ്രസ്തുത പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നതാണ്. അവതരണാനുമതി തേടിയ ബില്ലിൽ പരാമർശിച്ചിട്ടുള്ള ആവശ്യങ്ങളെല്ലാം കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡുവഴി പ്രസ്തുത തൊഴിലാളികൾക്കും ലഭ്യമാകുന്നതാണ്.

ശ്രീമതി സി. കെ. ആശ: പാഴ്‌വസ്തു ശേഖരണ തൊഴിലാളികൾക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതിയിൽ അംഗമാകാമെങ്കിലും നാളിതുവരെ അവരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയോ തൊഴിൽ കാർഡ് ലഭ്യമാക്കുകയോ ചെയ്യാത്തത് അവർ ഈ ക്ഷേമനിധിയിൽ പരിഗണിക്കപ്പെട്ടിട്ടില്ല എന്നതാണ് കാണിക്കുന്നത്. പാഴ്‌വസ്തു ശേഖരണ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ അടിയന്തരമായി ഉണ്ടാകണം. പ്രസ്തുത തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ,

മക്കളുടെ വിദ്യാഭ്യാസം, അവരുടെയും കുടുംബാംഗങ്ങളുടെയും ചികിത്സാസഹായം എന്നിവ നൽകുന്നതിനുംവേണ്ടി പ്രത്യേക ക്ഷേമനിധി രൂപീകരിക്കണം.

(ചർച്ച തുടരും)

## (v) 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബിൽ

ശ്രീ. കുറുക്കോളി മൊയ്തീൻ: 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കാർഷിക വിളകളുടെ വിലയിലുണ്ടാകുന്ന അസ്ഥിരത പരിഹരിക്കാൻ സർക്കാർ 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില നിശ്ചയിക്കുകയും വിലയിടിയുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നെല്ല്, നാളികേരം എന്നിവയ്ക്ക് ഉയർന്ന സംഭരണ വിലയും റബ്ബർ കർഷകർക്ക് റബ്ബർ ഉല്പാദന ഇൻസെന്റീവും നൽകിവരുന്നുണ്ട്. കർഷകരുടെ വരുമാന വർദ്ധനവിനായി വിവിധ

പദ്ധതികൾ നടപ്പിലാക്കി വരുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിനും കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവയ്ക്ക് പരമാവധി വില ലഭ്യമാക്കുന്നതിനും കൃഷിക്കൂട്ടങ്ങൾ, എഫ്.പി.ഒ.-കൾ, അഗ്രികൾച്ചർ മിഷൻ, കേരള അഗ്രോ ബിസിനസ്സ് കമ്പനി എന്നിവയുടെ പ്രവർത്തനങ്ങൾ വഴി സാധിക്കുന്നുണ്ട്. ആഴ്ച ചന്തകൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബില്ലിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരമൊരു ബില്ലിന്റെ ആവശ്യകതയില്ല.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സംസ്ഥാനത്തെ കാർഷിക മേഖലയുടെ സ്ഥിതി വിലയിരുത്താൻ സർക്കാർ തയ്യാറാകണം. പച്ചക്കറി, നാളികേരം, നെല്ല് മുതലായവയുടെ സംഭരണ തോത് പരിശോധിക്കണം. റബ്ബറിന്റെ സംഭരണത്തിന് നീക്കിവച്ച തുകപോലും വിനിയോഗിക്കാൻ കഴിയുന്നില്ല. കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനാനുപാതികമായി ഇൻസെന്റീവ് വർദ്ധിപ്പിക്കാൻ തയ്യാറാകണം. കാർഷികോൽപ്പന്നങ്ങൾക്ക് മതിയായ വില ലഭ്യമാക്കുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച:

(i) 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപെക്സ് കൗൺസിൽ രൂപീകരണ ബിൽ.

ശ്രീമതി ഒ. എസ്. അംബിക: സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ടൂറിസം സർക്യൂട്ടുകൾ സ്ഥാപിക്കുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട സൗകര്യമൊരുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും അപെക്സ് കൗൺസിലുകൾ രൂപീകരിക്കണം. വ്യത്യസ്ത സേവന വേതന വ്യവസ്ഥകൾ ജീവനക്കാരിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നുണ്ട്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം സജീവമാക്കാനുള്ള ഇടപെടലുണ്ടാകണം. ബിൽ അനുഭാവപൂർവ്വം പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന ഡി.ടി.പി.സി.-കളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ഏകീകൃതമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുകയും കരട് ചട്ടങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ഡി.ടി.പി.സി.-യും അതത് ജില്ലയുടെ പരിധി നിശ്ചയിച്ചുകൊണ്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിനോദസഞ്ചാര വകുപ്പിനുകീഴിൽ ജില്ലാ/മേഖലാതലങ്ങളിൽ ഓഫീസുകൾ പ്രവർത്തനമാരംഭിച്ച് പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഈ ബില്ലിൽ നിർദ്ദേശിക്കപ്പെട്ട അപെക്സ് കൗൺസിലിന്റെ അതേ ഘടനയാണ് ഡി.ടി.പി.സി.കളുടെ ഭരണസമിതി രൂപീകരണത്തിനും സ്വീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(ii) 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ചസംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ടി. ജെ. വിനോദ്: അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന ഉച്ചഭാഷിണി, വെളിച്ചം, പന്തൽ തൊഴിലാളികൾക്ക് സുരക്ഷയും സംരക്ഷണവും നിയമപരിരക്ഷയും ഉറപ്പാക്കുന്നതിനും ആശ്രിതർക്ക് വിദ്യാഭ്യാസം, വിവാഹം, ആരോഗ്യപരിരക്ഷ മുതലായവയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനുമായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഉച്ചഭാഷിണി, വെളിച്ചം, പന്തൽ എന്നീ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളെ 1960-ലെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തി വിവിധ ആനുകൂല്യങ്ങൾ നൽകുന്ന സാഹചര്യത്തിൽ ഉച്ചഭാഷിണി, വെളിച്ചം, പന്തൽ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടതില്ലാത്തതിനാൽ ടി ബില്ലിന് പ്രസക്തിയില്ല.

ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(iii) 2021-ലെ കേരള അന്ധവിശ്വാസ അനാചാര നിർമ്മാർജ്ജന ബിൽ

ശ്രീ. കെ. ഡി. പ്രസേനൻ: പാരമ്പര്യത്തിന്റെ ഭാഗമായിരുന്ന അനാചാരങ്ങളെ മറികടക്കാൻ ആധുനിക മൂല്യങ്ങളെ ഉൾപ്പെടുത്തുന്നതിനുപകരം സമൂഹത്തെ അനാചാരങ്ങളുടെ ആർഭാട കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പരിശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വളർച്ച തടയുന്നതിനും നിയമ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ഈ ബിൽ അനിവാര്യമാണ്. മാനവരാശിയുടെ ദിശാബോധം നഷ്ടപ്പെടുത്തുകയും നേർക്കാഴ്ചകൾ

ഇല്ലാതാക്കുകയും ചെയ്യുന്ന ദുർമന്ത്രവാദികൾക്കും ദുരാചാര കച്ചവടക്കാർക്കുമെതിരെയാണ് നിയമനിർമ്മാണം നടത്തേണ്ടത്. സംസ്ഥാനത്ത് അന്ധവിശ്വാസ പ്രവൃത്തികളും അനാചാരങ്ങളും അതുമായി ബന്ധപ്പെട്ട ചൂഷണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയെ പ്രതിരോധിക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിയമനിർമ്മാണത്തോട് സർക്കാരിന് യോജിപ്പാണുള്ളത്. ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും മനുഷ്യത്വരഹിതമായ ദുരാചാര പ്രവൃത്തികൾ തടയുന്നതിനും ചൂഷണങ്ങളില്ലാതാക്കുന്നതിനുമുള്ള നിയമനിർമ്മാണം നടത്തുന്നതിന് നിയമ പരിഷ്കാര കമ്മീഷൻ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള നടപടിക്രമങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. സംസ്ഥാനത്ത് നിലനിൽക്കുന്ന സാമൂഹിക-സാംസ്കാരിക വൈവിധ്യങ്ങളും ആചാരങ്ങളും ഉൾക്കൊണ്ടുകൊണ്ടും എല്ലാ വിഭാഗം ജനങ്ങളുടെയും അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടും മാത്രമേ

പ്രായോഗികവും സമഗ്രവുമായ നിയമനിർമ്മാണം സാധ്യമാവുകയുള്ളൂ. നിയമപരിഷ്കാര കമ്മീഷന്റെ ശിപാർശ സർക്കാരിന്റെ പരിശോധനയിലുള്ള വിഷയമായതിനാൽ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സഭ ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

* * * * * * *